ധാരാളം ആശുപത്രികളും ഉള്ളതിന്റെ മദ്ധ്യത്തിലാണ് ഇത് കിടക്കുന്നത്. സാമ്പത്തിക കാരണങ്ങളാൽ ഈ പ്രൈമറി ഹെൽത്ത് സെന്ററിനെ ഫുൾടൈം ആക്കാൻ സാധിച്ചില്ല. ഡോക്ടർമാരൊക്കെ ഉണ്ട്. വാർഡ് പണിയുന്ന സാഹചര്യത്തിൽ ഇത് ഫുൾടൈം ആക്കേണ്ട കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(xiv) കുന്നത്തൂർ–ഞാങ്കടവ് പാലത്തിന്റെ പണി

ശ്രീ. ടി. നാണു മാസ്റ്റർ: സർ, കുന്നത്തൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു പഞ്ചായത്താണ് കുന്നത്തൂർ പഞ്ചായത്ത്. വളരെ അവികസിതമായ ഒരു മേഖലയാണിത്. അവിടെ കൊട്ടാരക്കര താലൂക്കിലെ പുത്തൂരും കുന്നത്തൂർ പഞ്ചായത്തും തമ്മിൽ യോജിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പാലമാണ് ഞാങ്കടവ് പാലം. അവിടുത്തെ ശോചനീയാവസ്ഥ അങ്ങേയ്ക്കും അറിവുള്ളതാണ്. അങ്ങ് അവിടെ സന്ദർശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. ഈ പാലത്തിന്റെ പണി ഉടനടി പൂർത്തിയാക്കാൻ വേണ്ട നടപടി ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, പ്രസ്തുത പാലത്തെ സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് പല കാര്യങ്ങളും പരിഗണിച്ചേ ആ കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(xv) പീരുമേട്ടിൽ ഒരു കോളേജ് ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. കെ. തോമസ്: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് ഒരു സൗകര്യവുമില്ല. അവിടെ ഒരു കോളേജ് ആരംഭിക്കണമെന്ന് ഞാൻ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളത്തും പീരുമേട്ടിലും കോളേജുകളും ആരംഭിക്കാമെന്ന് മുൻ ഗവൺമെന്റിന്റെ കാലത്ത് ഉറപ്പ് തന്നിട്ടുള്ളതാണ്. ഈ മന്ത്രി തന്നെ പല പ്രാവശ്യം സമ്മതിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽത്തന്നെ അദ്ദേഹം മൂന്നാറിൽ ഒരു കോളേജ് ആരംഭിക്കുന്ന കാര്യം പറഞ്ഞിരുന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു കോളേജ് ഇല്ലാത്ത സ്ഥിതിക്ക് അവിടെക്കൂടി ഒരു കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, പുതിയ കോഴ്സുകളും പുതിയ കോളേജുകളും എവിടെയെല്ലാം ആരംഭിക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നിർദ്ദേശം കിട്ടേണ്ടതുണ്ട്. ആ നിർദ്ദേശം കിട്ടിയാൽ ഉടൻതന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly